# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3992 | | 16.05.2017-ൽ മറുപടി | |
|---|---|---|---|
| **ക്ഷേമ പെൻഷനുകൾക്ക് ആധാർ കാർഡ്** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ക്ഷേമ പെൻഷനുകൾക്ക് അർഹതയുണ്ടായിട്ടും ആധാർ കാർഡ് ഇല്ലാത്തതിനാൽ പെൻഷൻ ലഭിക്കാത്ത കിടപ്പിലായ നിരവധി രോഗികളുടെ ദുരവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ആധാർ കാർഡ് ഇല്ലാത്തതിനാൽ മാത്രം പെൻഷൻ ലഭിക്കാതെ വന്നിട്ടുള്ള ഗുണഭോക്താക്കളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം രോഗികളായ ആളുകൾക്ക് പെൻഷൻ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ബി) | ആധാർ കാർഡ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് പ്രത്യേക സത്യവാങ്മൂലവും റേഷൻകാർഡിന്റെ പകർപ്പോ ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിച്ചിട്ടുള്ള പക്ഷം പെൻഷൻ ലഭിക്കുന്നതാണ്. കൂടാതെ കിടപ്പിലായ വ്യക്തികൾക്ക് വീടുകളിൽ എത്തി ആധാർ നമ്പർ ലഭ്യമാക്കുന്നതിന് ഐ.ടി.മിഷൻ, അക്ഷയ സെന്ററുകൾ മുഖാന്തിരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം പാവപ്പെട്ട ആളുകൾക്ക് നഷ്ടപ്പെട്ട പെൻഷൻ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | താല്ക്കാലികമായി പെൻഷൻ തടയപ്പെട്ടിട്ടുള്ള പക്ഷം ടി തുക കുടിശ്ശികയായി മാറുന്നതാണ്. ആയത് സർക്കാർ വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്ന മുറയ്ക്ക് ഗുണഭോക്താവിന് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ